**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5793** **25-03-2025 - ൽ മറുപടിയ്ക്ക്**

**പതിനാറാം ധനകാര്യ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സ്വന്തം നിലയിൽ പദ്ധതി നടപ്പാക്കാനുള്ള സ്വാതന്ത്ര്യവും അതിനായുള്ള സാമ്പത്തിക വിഹിതവും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കുള്ള State Specific Grant അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സപ്ലിമെന്ററി മെമ്മോറാണ്ടമായി സമർപ്പിക്കുന്നതാണ്. |
| (ബി) | കേന്ദ്രം പങ്കുവയ്ക്കുന്ന നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ വലിയ മാറ്റം സംസ്ഥാനം നിർദ്ദേശിച്ചിട്ടുണ്ടോ; ജനസാന്ദ്രതാടിസ്ഥാനത്തിൽ കേന്ദ്രവിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പുതിയതായി ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മറ്റു സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കുന്നതിനുമായി Population 2011 (32.5 ശതമാനം), Demographic Performance (22.5 ശതമാനം), Income Distance (30 ശതമാനം), Area (5 ശതമാനം), Forest Cover (7.5 ശതമാനം), Population Density (2.5 ശതമാനം) എന്നീ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ